"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.ശ്രീനി.സി.മേനോന് കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.3146/2022/LSGD തീയതി,തിരുവനന്തപുരം, 20-12-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീ. ശ്രീനി. സി. മേനോന്റെ 07.02.2019 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 17.06.2019 ലെ ഇ5-8321/18, 10.05.2022 ലെ ഇ9-14167/19 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.ശ്രീനി.സി.മേനോൻ ടിയാൻ ഹാജരില്ലായ്മയിലായിരുന്ന 17.09.2016 മുതൽ 06.02.2018 വരെയുള്ള അവധി മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.ശ്രീനി.സി.മേനോൻ 30.03.2007ൽ ആണ് ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നത്. ശ്രീ.ശ്രീനി.സി.മേനോൻ 18.05.2016 മുതൽ 16.09.2016 വരെ ആർജ്ജിതാവധിയിലും തുടർന്ന് 17.09.2016 മുതൽ 06.02.2018 വരെ അനധികൃത ഹാജരില്ലായ്മയിലും ആയിരുന്നു. 07.02.2018 ൽ ടിയാൻ തിരികെ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മ കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം നൽകാനാവില്ല എന്നതിനാൽ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.ശ്രീനി.സി.മേനോന് 17.09.2016 മുതൽ 06.02.2018 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ.എസ്.ആർ ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ശ്രീ.ശ്രീനി.സി.മേനോൻ, സീനിയർ ക്ലാർക്ക്, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന)
ധന വകുപ്പ്(07.12.2022 ലെ ധൈവ-5/157/2022/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(134/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 20-12-2022 12:15:42**
സെക്ഷൻ ഓഫീസർ